**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 335** **28-10-2021 - ൽ മറുപടിയ്ക്ക്**

**സിമന്റ് വിലക്കയറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി. വി. ഇബ്രാഹിം ,<br>ഡോ. എം.കെ . മുനീർ ,<br>ശ്രീ. കെ. പി. എ. മജീദ് | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിർമ്മാണ മേഖലയ്ക്കാവശ്യമായ സിമന്റിന്റെ എത്ര ശതമാനമാണ് പൊതുമേഖലയിൽ ഉല്പാദിപ്പിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തിന്റെ നിർമ്മാണ മേഖലയ്ക്ക് ആവശ്യമുള്ള സിമന്റിന്റെ (ഗ്രേ സിമന്റ്) 6-7 % മാത്രമാണ് പൊതുമേഖലയിൽ നിലവിൽ ഉൽപാദിക്കുന്നത്. |
| (ബി) | കോവിഡും ലോക്ഡൗണും മൂലം പ്രതിസന്ധിയിലായിരുന്ന നിർമ്മാണ മേഖലയെ സിമന്റ് വിലവർദ്ധന വീണ്ടും പ്രതിസന്ധിയിലാക്കുമെന്ന ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. കോവിഡിനെ തുടർന്ന് സംസ്ഥാനത്ത് തുടർച്ചയായി ഉണ്ടായ ലോക്ഡൗൺ മൂലം സിമന്റ് വില്പനയിൽ കുറവ് ഉണ്ടാകുവാൻ ഇടയായിട്ടുണ്ട്. മാത്രമല്ല കോവിഡിനെ തുടർന്ന് നിർമ്മാണ വസ്തുക്കൾക്ക് ഉണ്ടായ വിലക്കയറ്റം നിർമ്മാണ മേഖലയെ ബാധിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി ഉൽപ്പാദകരെയും വിതരണക്കാരെയും പങ്കെടുപ്പിച്ച് സർക്കാർ തലത്തിൽ മീറ്റിങ് വിളിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |
| (സി) | നിർമ്മാണ മേഖലയ്ക്കാവശ്യമായ സിമന്റ് പരമാവധി സംസ്ഥാനത്ത് തന്നെ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനായുള്ള പദ്ധതി ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (സി) | വ്യവസായ വകുപ്പിന്റെ അധീനതയിൽ സിമൻറ് ഉത്പാദിപ്പിക്കുന്ന മലബാർ സിമന്റ്സിന്റെ ഉത്പാദനം ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ട്രാവൻകൂർ സിമന്റ്സിൽ ഗ്രേ സിമന്റിന്റെ ഉത്പാദനം ആരംഭിക്കുന്നതിനും നിലവിലുള്ള വൈറ്റ് സിമന്റ്, വാൾപുട്ടി എന്നിവയുടെ നിർമ്മാണം കൂട്ടുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ പദ്ധതികൾ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഭാവി മുന്നിൽ കണ്ടുകൊണ്ട് തയ്യാറാക്കുന്ന മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി മേൽ നടപടികൾ സ്വീകരിച്ചുവരുന്നു. പൊതുമേഖലയിൽ സിമന്റ് ഉത്പാദനം വർദ്ധിപ്പിച്ച് പൊതു വിപണിയിലെ സിമന്റ് വില നിയന്ത്രിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ